## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## ഇ ഫയലിംഗ് സംവിധാനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7952** **16.7.2014 ലെ മറുപടിയ്ക്ക്**

**ചോദ്യം ശ്രീമതി.കെ.കെ.ലതിക** **ഉത്തരം : ബഹു ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി**

| | ചോദ്യം | ഉത്തരം |
|---|---|---|
| എ) | ധനകാര്യ വകുപ്പിൽ ഇ ഫയലിംഗ് സമ്പ്രദായം ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | ധനകാര്യ വകുപ്പിൽ ഇ ഫയലിംഗ് സമ്പ്രദായം ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട് |
| ബി | ടി സമ്പ്രദായം നടപ്പാക്കു ന്നതിനായി എന്തെല്ലാം മുന്നൊരു ക്കങ്ങളാണ് വകുപ്പു തലത്തിൽ നടപ്പാക്കിയതെന്ന് വ്യക്തമാ ക്കുമോ ; | ഇ ഓഫീസ് നടപ്പാക്കുന്നതിന്റെ ഭാഗമായി ധനകാര്യ വകുപ്പിലെ ഒരു ചെറു സംഘം ഡൽഹിയിലുള്ള എൻ ഐ സി ഓഫീസിൽ പരിശീലനം നേടിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഐ ടി മിഷന്റെ സഹായത്തോടെ ധനകാര്യ വകുപ്പിലെ ഇൻഫ്രാസ്ട്രക്ചർ ഗ്യാപ്പിനെ പറ്റി ഒരു പഠനം നടത്തുകയും പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ കെൽട്രോൺ, ധനകാര്യ വകുപ്പിലെ മുഴുവൻ കമ്പ്യൂട്ടറുകളുടേയും നിലവാരം ഇ ഓഫീസ് നടപ്പാക്കുന്നതിന് ആവശ്യമായ രീതിയിൽ ഉയർത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ധനകാര്യ വകുപ്പിലെ ഓഫീസർമാർക്ക്, ഇ ഓഫീസിൽ ഫയൽ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം നാഷണൽ ഇൻഫർമേറ്റിക്ക് സെന്റർ വഴി നൽകിയിട്ടുണ്ട്. ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് നൽകുന്നതിനായി എൻ ഐ സി യുടെ ഒരു ഓഫീസ് സെക്രട്ടറിയേറ്റിൽ പ്രവർത്തിക്കുന്നുണ്ട്. |

| | | |
|---|---|---|
| സി | ടി സമ്പ്രദായം നടപ്പിലാക്കുന്നതിനു പ്രതിവർഷം എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | സെക്രട്ടറിയേറ്റിൽ മുഴുവൻ ഇ ഓഫീസ് നടപ്പാക്കുന്നതിന്റെ പ്രോജക്ട് കോസ്റ്റ് 8 കോടി രൂപയാണ്. അതിൽ മൂന്ന് കോടി രൂപ ഇതുവരെ എൻ ഐ സി ക്ക് നൽകിയിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ